● ഖുർആൻ ആശയ വിവരണം

കെ പി സകരിയ്യ

# ഒരു ഓർമക്കുറിപ്പ്

(അധ്യായം 69 •അൽഹാഖ്വ)

الْحَاقَّةُ ﴿١﴾ مَا الْحَاقَّةُ ﴿٢﴾ وَمَا أَدْرَاكَ مَا الْحَاقَّةُ
﴿٣﴾ كَذَّبَتْ ثَمُودُ وَعَادٌ بِالْقَارِعَةِ ﴿٤﴾ فَأَمَّا ثَمُودُ
فَأُهْلِكُوا بِالطَّاغِيَةِ ﴿٥﴾ وَأَمَّا عَادٌ فَأُهْلِكُوا
بِرِيحٍ صَرْصَرٍ عَاتِيَةٍ ﴿٦﴾ سَخَّرَهَا عَلَيْهِمْ سَبْعَ
لَيَالٍ وَثَمَانِيَةَ أَيَّامٍ حُسُومًا فَتَرَى الْقَوْمَ فِيهَا
صَرْعَىٰ كَأَنَّهُمْ أَعْجَازُ نَخْلٍ خَاوِيَةٍ ﴿٧﴾ فَهَلْ تَرَىٰ
لَهُم مِّن بَاقِيَةٍ ﴿٨﴾ وَجَاءَ فِرْعَوْنُ وَمَن قَبْلَهُ
وَالْمُؤْتَفِكَاتُ بِالْخَاطِئَةِ ﴿٩﴾ فَعَصَوْا رَسُولَ رَبِّهِمْ
فَأَخَذَهُمْ أَخْذَةً رَّابِيَةً ﴿١٠﴾ إِنَّا لَمَّا طَغَى الْمَاءُ حَمَلْنَاكُمْ
فِي الْجَارِيَةِ ﴿١١﴾ لِنَجْعَلَهَا لَكُمْ تَذْكِرَةً وَتَعِيَهَا أُذُنٌ
وَاعِيَةٌ ﴿١٢﴾

(1). യഥാർഥ സംഭവം! (2). എന്താണ് ആ യഥാർഥ സംഭവം? (3). ആ യഥാർഥ സംഭവം എന്താണെന്ന് നിനക്കറിയാമോ? (4). ഥമൂദ് സമുദായവും ആദ് സമുദായവും ആ ഭയാനക സംഭവത്തെ നിഷേധിച്ചു. (5). അതിനാൽ ഥമൂദ് സമുദായം അത്യന്തം ഭീകരമായ ശിക്ഷയാൽ നശിപ്പിക്കപ്പെട്ടു. (6). ആദ് സമുദായം ആഞ്ഞുവീശിയ അത്യുഗ്രമായ കാറ്റിനാലും ഉന്മൂലനം ചെയ്യപ്പെട്ടു. (7). നീണ്ട ഏഴ് രാത്രിയും എട്ടു പകലും കാറ്റിനെ അവരുടെ നേർക്ക് അവൻ തിരിച്ചുവിട്ടു. അപ്പോൾ കടപുഴകി വീണ ഈന്തപ്പനത്തടികൾപോലെ ജനങ്ങൾ വീണുകിടക്കുന്നത് നിനക്ക് കാണാമായിരുന്നു. (8). ഇനി അവരിൽ വല്ലവരും അവശേഷിക്കുന്നതായി നീ കാണുന്നുണ്ടോ? (9). ഫിർഔനും അവന്റെ മുൻഗാമികളും കീഴ്മേൽ മറിഞ്ഞ നാടുകളും ഇതേ അബദ്ധം തന്നെ ചെയ്തു. (10). അവർ അവരുടെ ദൈവദൂതന്മാരെ ധിക്കരിച്ചു. അപ്പോൾ അവൻ അവരെ ശക്തമായി പിടികൂടുകയും ചെയ്തു. (11). പ്രളയജലം ഇരമ്പി വന്നപ്പോൾ നിങ്ങളെ നാം കപ്പലിൽ കയറ്റി രക്ഷിക്കുകയുണ്ടായി. (12). നിങ്ങൾക്ക് നാം അതൊരു ഓർമക്കുറിപ്പാക്കുന്നു. ശ്രദ്ധിച്ചു കേൾക്കുന്ന കാതുകൾ അത് ശ്രദ്ധിക്കുന്നതിനുവേണ്ടി.

## ആമുഖം

സൂറത്തുൽ ഹാഖ്വ ഖുർആനിലെ 69ാം അധ്യായമാണ്. ഇതിൽ 52 സൂക്തങ്ങൾ അടങ്ങിയിരിക്കുന്നു. ഇത് മക്കിയ്യാ അധ്യായങ്ങളിൽ പെട്ടതാണ്. ലോകാവസാനത്തിന്റെ ഭയാനകത ഓർമപ്പെടുത്തിക്കൊണ്ട് ഈ അധ്യായം ആരംഭിക്കുന്നു. ലോകാവസാന നാളിനെ കളവാക്കിയ പൂർവ സമുദായങ്ങളായ സമൂദ്, ആദ്, ലൂത്ത് നബിയുടെ ജനത, ഫിർഔനും അനുഗാമികളും, നൂഹ് നബിയുടെ ജനത എന്നിവരുടെ പരിണാമത്തെ പരാമർശിക്കുന്നു. തുടർന്ന് പാരത്രിക ശിക്ഷയെപ്പറ്റിയും ഇഹലോകത്ത് നിഷേധികൾക്കുള്ള പ്രതിഫലത്തെയും പറ്റി പ്രതിപാദിക്കുന്നു. പിന്നീട് സൗഭാഗ്യവാന്മാരുടെയും ദൗർഭാഗ്യവാന്മാരുടെയും അവസ്ഥകൾ വിവരിക്കുന്നു. തുടർന്ന് ഖുർആനിന്റെയും നബിയുടെ ദിവ്യബോധനത്തിന്റെയും സത്യത സ്ഥാപിക്കുന്നു. പ്രബോധനരംഗത്ത് പ്രവാചകന്റെ വിശ്വസ്തതയും സത്യസന്ധതയും അരക്കിട്ട് ഉറപ്പിച്ചുകൊണ്ട് ഈ അധ്യായം സമാപിക്കുന്നു.

## പദവിശകലനം

**الحاقة** യഥാർഥ സംഭവം! **ماالحاقة** എന്താണ് യഥാർഥ സംഭവം? **وما أدراك** നിനക്കറിയാമോ? **ماالحاقة** ആ യഥാർഥ സംഭവം എന്താണെന്ന്. **كَذَّبَت** നിഷേധിച്ചു, ക

ളവാക്കി, ثَمُود ഥമൂദ് സമുദായം, عَاد ആദ് സമുദായം, بِالْقَارِعَة ആ ഭയാനക സംഭവം. فأما ثَمُود ഥമൂദ് സമുദായം, فَأُهْلِكُوا നശിപ്പിക്കപ്പെട്ടു, بِالطَّاغِيَة അത്യന്തം ഭീകരമായ ശിക്ഷയാൽ. وأَمَّا ثَمُود ആദ് സമുദായം, فَأُهْلِكُوا ഉന്മൂലനം ചെയ്യപ്പെട്ടു. بِرِيح കാറ്റിനാൽ, صرصر ആഞ്ഞു വീശിയ, عَاتِيَة അത്യുഗ്രമായ. سَخَّرَهَا അതിനെ അവൻ കീഴ്പ്പെടുത്തി(നിയോഗിച്ചു) عَلَيهم അവരുടെ നേർക്ക്, سَبع لَيَالٍ ഏഴു രാത്രിയും وَثَمَانِيَة أَيَّامٍ എട്ടുപകലും, حُسُومًا തുടർച്ചയായി, فَتَرَى അപ്പോൾ നിനക്ക് കാണാമായിരുന്നു, الْقَوْمَ ജനതയെ, فِيهَا അതിൽ, صَرْعَى വീണു കിടക്കുന്നവരായി, كَأَنَّهُم അവരാണെന്നപോലെ, أَعْجَازُ തടികൾ, نَخْلٍ ഈന്തപ്പന, خَاوِيَة കടപുഴകി വീണ. فَهَل تَرَى നീ കാണുന്നുണ്ടോ? لَهُم അവരിൽ مِّن بَاقِيَة അവശേഷിക്കുന്ന വല്ലവരും. وَجَاءَ فِرْعَوْنُ ഫിർഔനും വന്നു, وَمَن قَبْلَهُ അവന്റെ മുൻഗാമികളും, وَالْمُؤْتَفِكَاتُ കീഴ്മേൽമറിഞ്ഞ നാടുകളും, بِالْخَاطِئَة പിഴച്ച പ്രവൃത്തികൊണ്ട്. فَعَصَوْا അവർ ധിക്കരിച്ചു, رَسُول رَبِّهِم തങ്ങളുടെ ദൈവദൂതന്മാരെ, فَأَخَذَهُم അപ്പോൾ അവൻ അവരെ പിടികൂടി, أَخْذَةً ഒരു പിടുത്തം, رَابِيَة ശക്തമായ. إِنَّا നിശ്ചയമായും നാം لَمَّا طَغَى ഇരമ്പി വന്നപ്പോൾ, الْمَاءُ ജലം, حَمَلْنَاكُم നിങ്ങളെ നാം കയറ്റി فِي الْجَارِيَة കപ്പലിൽ, പത്തേമാരിയിൽ. لِنَجْعَلَهَا لَكُم നിങ്ങൾക്ക് നാം അതിനെ ആക്കുന്നു, تَذْكِرَةً ഒരു ഓർമക്കുറിപ്പ്, وَتَعِيَهَا അത് ശ്രദ്ധിക്കുന്നതിന് വേണ്ടിയും, أُذُنٌ കാതുകൾ, وَاعِيَة ശ്രദ്ധിച്ചു കേൾക്കുന്ന(പഠിക്കുന്ന)

1) الحاقة എന്നതിന്റെ വിശദീകരണം ഇബ്നുഹയ്യാൻ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

**المراد بها القيامة والبعث قاله ابن عباس وغيره، الأنها حقت لكل عامل عمله**

അതുകൊണ്ടുദ്ദേശിക്കുന്നത് ലോകാവസാനവും പുനരുത്ഥാനവുമാണ്. ഇബ്നു അബ്ബാസും മറ്റുള്ളവരുമെല്ലാം പറയുന്നത് പ്രവർത്തിച്ചിട്ടുള്ള ഓരോരുത്തന്റെയും പ്രവർത്തനം യഥാർഥ്യമായിത്തീരുന്ന സന്ദർഭം എന്നാണതുകൊണ്ടുദ്ദേശിക്കുന്നത് (അൽബഹ്റുൽമുഹീത്). ഇമാം റാഗിബ് വിശദീകരിക്കുന്നു:

**اشارة إلى القيامة كما فسره بقوله (يوم يقوم الناس) لأنّه يحق فيه الجزاء**

ലോകാവസാനത്തെ സൂചിപ്പിക്കുന്നു. ജനങ്ങൾ എഴുന്നേറ്റുവരുന്ന ദിവസം. എന്ന ഖുർആൻ വാക്യം ഇതിനെ വ്യാഖ്യാനിക്കുന്നു. പ്രസ്തുത ദിനം പ്രതിഫലം യാഥാർഥ്യമായിത്തീരുന്നു (അൽമുഫ്റദാത്ത് 133)

2) الطاغية എന്ന പദപ്രയോഗത്തെപ്പറ്റിവന്ന ഒരു വീക്ഷണം വാഹിദി രേഖപ്പെടുത്തിയത് ഇപ്രകാരമാണ്.

**وذهب آخرون إلى أن «الطّاغية» نعت محذوف على معنى أهلكو بالصيحة الطاغية وهي التى جاوزت مقدار الصياح، وهو قول قتادة**

മറ്റു ചിലർ അഭിപ്രായപ്പെട്ടു. الطاغية എന്നത് വിട്ടു കളഞ്ഞ വിശേഷത്തിന്റെ വിശേഷണമാണ്. പരിധിവിട്ട ശബ്ദഘോഷത്തെക്കുറിക്കുന്നതാണത്. ഈ വീക്ഷണമാണ് ഖത്താദയും പ്രകടിപ്പിച്ചിട്ടുള്ളത് (അൽബസീത്)

## ആശയം

ലോകാവസാനം ഒരു യാഥാർഥ്യമാണ്. ഈ പ്രപഞ്ചം ഉത്ഭൂതമായിട്ട് ഏകദേശം 1380 കോടി വർഷങ്ങളെങ്കിലും ആയിക്കാണുമെന്ന് കണക്കാക്കപ്പെടുന്നു. സൂര്യൻ ഉദയം ചെയ്തിട്ട് 460 കോടി വർഷങ്ങളും ഭൂമി ഉണ്ടായിട്ട് 455 കോടി വർഷങ്ങളും കണക്കാക്കപ്പെടുന്നു. സൂര്യൻ ഒരു 500 കോടി വർഷങ്ങൾ കൂടി എരിഞ്ഞു നിന്നേക്കാമെന്നും കണക്കുകൂട്ടപ്പെടുന്നു. സൂര്യനും ഭൂമിക്കും നക്ഷത്രങ്ങൾക്കും മരണമുണ്ട്. ഈ പ്രപഞ്ചത്തെ നാം ഇന്ന് കാണുന്നവിധം സംവിധാനിച്ച സ്രഷ്ടാവ് ഇതിനെ നശിപ്പിച്ചു മറ്റൊന്നാക്കി മാറ്റാൻ സാധിക്കുന്നവനാണെന്ന യാഥാർഥ്യം ഒരു മഹാസംഭവം തന്നെയാണ്. അതിനുശേഷം സ്രഷ്ടാവിന്റെ വിചാരണയെ അഭിമുഖീകരിക്കേണ്ടിവരുമെന്നതും യാഥാർഥ്യമാണ്.

എന്നാൽ ഇതിനെയെല്ലാം നിഷേധിച്ചുകൊണ്ട് അഹങ്കാരിയും ആഢംബര ചിത്തനുമായി ജീവിക്കുന്ന മനുഷ്യൻ യാഥാർഥ്യമായി ഭവിക്കുന്ന മഹാസംഭവത്തെ വിസ്മരിക്കുകയാണ്. ചിന്തയും ബുദ്ധിയും ഉപയോഗിച്ച് മനസ്സിലാക്കാവുന്ന ഈ യാഥാർഥ്യങ്ങളെ തള്ളിക്കളയുന്നതിന്റെ ഫലമായി ജീവിതത്തിൽ യാതൊരു ഉത്തരവാദിത്വ ബോധവുമില്ലാത്തവനായി ജീവിക്കുകയാണ്. ഇതിന്റെ അനന്തരഫലമായി മനുഷ്യരിൽ പലരും അക്രമവും അനീതിയും അരാജകത്വവും പ്രസരിപ്പിച്ചുകൊണ്ടിരിക്കുന്നു. മൂല്യവ്യവസ്ഥകളുടെ മേലാണ് സാമൂഹ്യജീവിതം സ്വസ്ഥമായി നിലനില്ക്കുന്നത്. ഈ മൂല്യങ്ങളെ തള്ളിക്കളയുന്നതിന്റെ ഫലമായി സമൂഹങ്ങൾ നാശത്തിന് വിധേയമാകുന്നു.

ഉയർന്ന സ്ഥലങ്ങളിൽ അംബരചുംബികളായ ബംഗ്ലാവുകൾ പണിത് തങ്ങളെക്കാൾ ശക്തരായി ആരുണ്ട് എന്ന് അഹങ്കാരം നടിച്ച ആദ് സമുദായത്തിന്റെ പരിണാമമെന്തായിരുന്നു. കൊടും തണുപ്പുള്ള ഇരമ്പി വീശിയ കൊടുങ്കാറ്റിനാൽ അവർ നശിപ്പിക്കപ്പെട്ടു. ആജാനുബാഹുക്കളായിരുന്ന അവർ ഈന്തപ്പനത്തടികൾ പോലെ കടപുഴകി വീണു.

തങ്ങൾ ശക്തരും സമർഥരും തന്ത്രശാലികളുമാണെന്ന് കരുതി അക്രമങ്ങൾ അഴിച്ചുവിട്ട ഥമൂദ് സമുദായത്തിന്റെ ഗതിയെന്തായിരുന്നു. സർവ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകിയിരുന്ന ഒമ്പത് പേരടങ്ങുന്ന ഗുണ്ടാ സംഘത്തിന് സർവവിധ പിന്തുണയും നല്കിയിരുന്ന ആ സമൂഹം ഘോരമായ ഒരു ഇടിവെട്ടിന് മുമ്പിൽ നിശ്ശേഷ്ടരായി വീണു. അവരുടെ വീടുകൾ വിജനമായി.

സാമ്രാജ്യാധിപതിയായിരുന്ന ഈജിപ്തിന്റെ ചക്രവർത്തി ഫറോവയും അദ്ദേഹത്തിന്റെ പട്ടാളവും വർ

ഗീയതയുടെയും കൊലപാതകങ്ങളുടെയും അക്രമങ്ങളുടെയും പരമ്പര തീർത്തവരായിരുന്നു. അവരുടെ പര്യാവസാനം എങ്ങനെയായിരുന്നു. മർദ്ദിതരായ ജനതയുടെ കൺമുമ്പിൽവെച്ച് നിസ്സാരരിൽ നിസ്സാരരായി ജലാശയത്തിൽ കിടന്ന് പിടഞ്ഞു മരിക്കേണ്ടിവന്നു. അവരുടെ കൊട്ടാരവും അധികാരവും അവർക്ക് യാതൊരു പ്രയോജനവും ചെയ്തില്ല. സദാചാരത്തിന്റെ സർവ സീമകളും ലംഘിച്ച സദൂം പ്രദേശത്തുകാരുടെ ഗതിയെന്തായിരുന്നു. തീക്കല്ലുകൾ വർഷിച്ച മഴയും ഭൂകമ്പവും കൊണ്ട് ആ നാടിനെ കീഴ്മേൽ മറിച്ച് ആ ജനതയുടെ പ്രദേശം സമുദ്രവിതാനത്തേക്കാൾ താണുപോയി. മൂകമായ ചാവുകടൽ ഇന്നും ആ കഥ പറഞ്ഞു നമ്മുടെ മുമ്പിൽ നില്ക്കുന്നു.

ഒമ്പതര നൂറ്റാണ്ട് പ്രബോധനം നടത്തിയ നൂഹ് നബി(അ), അദ്ദേഹത്തെ ഭ്രാന്തനെന്ന് മുദ്രകുത്തി അപഹസിക്കുകയും തങ്ങളുടെ സ്രഷ്ടാവിനെ തള്ളിക്കളഞ്ഞു പ്രതിമപൂജകളിൽ ആമഗ്നരാവുകയും ചെയ്ത അദ്ദേഹത്തിന്റെ ജനതയുടെ അവസ്ഥ എന്തായിരുന്നു. ആകാശത്തിന്റെ കവാടങ്ങൾ അവർക്ക് നേരെ തുറന്നുവെക്കപ്പെട്ടു. ഭൂമി ഉറവിടങ്ങളെ തുറന്നുവിട്ടു. ഇരമ്പിപ്പാഞ്ഞ പ്രളയത്തിൽ മുച്ചൂടും നശിപ്പിക്കപ്പെട്ടു. സ്രഷ്ടാവ് കപ്പലിൽ വഹിച്ച ഏതാനും പേരൊഴികെ.

ചരിത്രത്തിലെ ഈ ഗതകാല പാഠങ്ങളെല്ലാം പിൻകാലക്കാർക്കുള്ള ഓർമക്കുറിപ്പുകളാണ്. ഇവയെല്ലാം തങ്ങളുടെ കാതുകൊണ്ട് ശ്രദ്ധിച്ചുകേൾക്കുക. അഹങ്കാരത്തിന്റെ അരമനകളിൽ നിന്നും അനീതിയുടെ അംബരചുംബികളിൽ നിന്നും വിശ്വാസത്തിന്റെയും വിനയത്തിന്റെയും വിവേകത്തിന്റെയും ഭൂമികയിലേക്ക് ഇറങ്ങി നില്ക്കാൻ സജ്ജരാവുക.

## ആദ് സമുദായം

രമ്യവും അന്യൂനവുമായ ഒരു സമുദായത്തിന്റെ നിർമാണം ലക്ഷ്യം വെക്കുന്ന ഇസ്‌ലാം മിതവ്യയം ഉപദേശിക്കുകയും ധൂർത്തും ദുരഭിമാനവും കൈവെടിയാൻ ഉപദേശിക്കുകയും ചെയ്യുന്നു. ഖുർആൻ പറയുന്നു:

أَتَبْنُونَ بِكُلِّ رِيعٍ ءَايَةً تَعْبَثُونَ ﴿١٢٨﴾ وَتَتَّخِذُونَ مَصَانِعَ
لَعَلَّكُمْ تَخْلُدُونَ ﴿١٢٩﴾

"നിങ്ങൾ പൊങ്ങച്ചം കാണിക്കുവാനായി കുന്നിൻപ്രദേശങ്ങളിലെല്ലാം പൊക്കമുള്ള കെട്ടിടം നിർമിക്കുന്നുവോ? കാലാകാലം താമസിക്കാനായി നിങ്ങൾ മഹാസൗധങ്ങൾ ഉണ്ടാക്കുകയാണോ?" (ശുഅറാ 128, 129)

## സമൂദ് സമുദായം

തങ്ങൾ ശക്തരും സമർഥരും തന്ത്രശാലികളുമാണെന്ന് അല്പബുദ്ധികൾ കരുതുന്നു. എന്നാൽ സ്രഷ്ടാവ് എത്ര തന്ത്രശാലിയാണെന്ന് അവരോർക്കുന്നില്ല.

وَمَكَرُوا۟ مَكْرًا وَمَكَرْنَا مَكْرًا وَهُمْ لَا يَشْعُرُونَ
﴿٥٠﴾ فَٱنظُرْ كَيْفَ كَانَ عَٰقِبَةُ مَكْرِهِمْ أَنَّا
دَمَّرْنَٰهُمْ وَقَوْمَهُمْ أَجْمَعِينَ ﴿٥١﴾

"അവർ തന്ത്രം പ്രയോഗിച്ചു. അവരറിയാതെ നാമും ഒരു തന്ത്രം പ്രയോഗിച്ചു. അപ്പോൾ അവരുടെ തന്ത്രത്തിന്റെ അന്ത്യം എങ്ങനെയെന്ന് നോക്കൂ. അവരെയും അവരുടെ ജനങ്ങളെയും മുഴുവൻ നാം തകർത്തുകളഞ്ഞു" (നംല് 50,51)

## ഫിർഔനും അനുയായികളും

ധിക്കാരത്തിന്റെയും ദൈവനിഷേധത്തിന്റെയും ദാരുണമായ അന്ത്യമാണ് ഫിർഔനിന്റെയും അനുയായികളുടെയും അനുഭവം നൽകുന്ന പാഠം.

وَٱسْتَكْبَرَ هُوَ وَجُنُودُهُۥ فِى ٱلْأَرْضِ بِغَيْرِ ٱلْحَقِّ
وَظَنُّوٓا۟ أَنَّهُمْ إِلَيْنَا لَا يُرْجَعُونَ ﴿٣٩﴾ فَأَخَذْنَٰهُ
وَجُنُودَهُۥ فَنَبَذْنَٰهُمْ فِى ٱلْيَمِّ ۖ فَٱنظُرْ كَيْفَ كَانَ
عَٰقِبَةُ ٱلظَّٰلِمِينَ ﴿٤٠﴾

"അവനും അവന്റെ സൈന്യങ്ങളും ഭൂമിയിൽ അനർഹമായി ഔന്നത്യം നടിച്ചു. നമ്മുടെ അടുക്കലേക്ക് അവർ മടക്കപ്പെടുകയില്ലെന്ന് അവർ വിചാരിക്കുകയും ചെയ്തു. അവനെയും അവന്റെ സൈന്യങ്ങളെയും നാം പിടിച്ചു. സമുദ്രത്തിൽ എറിഞ്ഞു. അപ്പോൾ അക്രമികളുടെ അന്ത്യം എങ്ങനെയെന്ന് നോക്കൂ". (ഖസ്വസ് 39,40)

## സദൂമുകാർ

സദൂം പ്രദേശത്തിന്റെ ഗതി സമൂഹങ്ങൾക്ക് ഒരു പാഠമാണ്.

فَلَمَّا جَآءَ أَمْرُنَا جَعَلْنَا عَٰلِيَهَا سَافِلَهَا وَأَمْطَرْنَا
عَلَيْهَا حِجَارَةً مِّن سِجِّيلٍ مَّنضُودٍ ﴿٨٢﴾ مُّسَوَّمَةً
عِندَ رَبِّكَ ۖ وَمَا هِىَ مِنَ ٱلظَّٰلِمِينَ بِبَعِيدٍ ﴿٨٣﴾

"അങ്ങനെ നമ്മുടെ കല്പന വന്നപ്പോൾ ആ രാജ്യത്തെ നാം കീഴ്മേൽ മറിച്ചു. നിന്റെ നാഥന്റെ അടുക്കൽ നിന്ന് അടയാളം വെച്ച തീകല്ലുകൾ ആ പ്രദേശത്തിന്മേൽ നാം തുരുതുരാ വർഷിപ്പിക്കുകയും ചെയ്തു. അധർമകാരികൾക്ക് ഈ ശിക്ഷ വിദൂരമല്ല" (ഹൂദ് 82, 83)

## നൂഹിന്റെ ജനത

സത്യത്തെ അല്ലാഹു വിജയിപ്പിക്കുമെന്നും അന്തിമ വിജയം ഭക്തന്മാർക്കാണെന്നും കൂടി നൂഹ് നബിയുടെ ചരിത്രം പഠിപ്പിക്കുന്നു.

وَقَوْمَ نُوحٍ لَّمَّا كَذَّبُوا۟ ٱلرُّسُلَ أَغْرَقْنَٰهُمْ وَجَعَلْنَٰهُمْ
لِلنَّاسِ ءَايَةً ۖ وَأَعْتَدْنَا لِلظَّٰلِمِينَ عَذَابًا أَلِيمًا ﴿٣٧﴾

"നൂഹിന്റെ ജനതയെയും നാം ശിക്ഷിച്ചു. അവർ ദൂതന്മാരെ നിഷേധിച്ചു കളഞ്ഞപ്പോൾ നാം അവരെ മുക്കി നശിപ്പിച്ചു. അവരെ ജനങ്ങൾക്ക് ഒരു ദൃഷ്ടാന്തമാക്കുകയും ചെയ്തു. അധർമകാരികൾക്ക് വേദനിപ്പിക്കുന്ന ശിക്ഷ നാം ഒരുക്കി വെച്ചിരിക്കുന്നു." (ഫുർഖാൻ 38) ●